പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2610 — 19.03. 2015 ൽ മറുപടിക്ക്

# ആശുപത്രി വ്യവസായബന്ധ സമിതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. പി. മുഹമ്മദ്:<br>ശ്രീ. എം. എ. വാഹീദ്:<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. ആർ. സെൽവരാജ്: | | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | 02.08.2014 ലെ സർക്കാർ ഉത്തരവ് (ആർ. റ്റി) നം. 1019/2014/തൊഴിൽ പ്രകാരം ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.<br>സ്വകാര്യ ആശുപത്രി വ്യവസായ രംഗത്തെ തൊഴിൽ സമാധാനം നിലനിർത്തുക, തർക്കങ്ങളും സമരങ്ങളും ചർച്ചയിലൂടെയും തൊഴിലാളി - തൊഴിലുടമാ പ്രതിനിധികളുടെ സംയുക്ത ഇടപെടലിലൂടെയും പരിഹരിക്കുക, ഈ മേഖലയിലെ തൊഴിൽ ചൂഷണം, തൊഴിൽ നിയമലംഘനങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം ഇടപെട്ട് പരിഹരിക്കുക തുടങ്ങിയവയാണ് ഈ സമിതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (ബി) സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ പ്രസ്തുത സമിതി രൂപീകരണം എത്രമാത്രം പ്രയോജനപ്പെട്ടു മെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത സമിതി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ബി) & (സി) | ആശുപത്രി വ്യവസായ മേഖലയിൽ സമരങ്ങളും പ്രക്ഷോഭങ്ങളും കൊണ്ട് കലുഷിതമായ സാഹചര്യത്തിലാണ് 2012 ൽ സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് വ്യവസായ ബന്ധസമിതി രൂപീകരിക്കാൻ തീരുമാനിച്ചത്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ കൂടി |

അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന ജോലിയാണ് വ്യവസായബന്ധ സമിതി ആദ്യമായി ഏറ്റെടുത്തത്. സമിതിയുടെ ശുപാർശ പ്രകാരം 05.11.2013 ലെ സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ. 135/2013/തൊഴിൽ പ്രകാരം സ്വകാര്യ ആശുപത്രി വ്യവസായ മേഖലയിൽ പുതുക്കിയ വേതന നിരക്ക് നിലവിൽ വന്നു. ഇത് ഈ മേഖലയിൽ സമാധാന അന്തരീക്ഷം കൊണ്ടുവരുന്നതിന് ഒരു പരിധി വരെ സഹായകരമായിരുന്നു.

സെക്ഷൻ ആഫീസർ.